(3) അടിയന്തര പ്രമേയത്തിന് അനുവാദം നൽകുന്നതു സംബന്ധിച്ച്

2016 ഒക്ടോബർ 17-ാം തീയതി അടിയന്തര പ്രമേയ അവതരണത്തിനുമുമ്പ് റൂൾ 52 (V) പ്രകാരം പ്രമേയത്തിൽ അഭ്യൂഹങ്ങളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലായെന്ന് പറയുന്നതിനാൽ അടിയന്തരപ്രമേയത്തിന് അനുവാദം നൽകുന്നത് ചട്ടപ്രകാരമല്ലെന്ന് ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ക്രമപ്രശ്നം ഉന്നയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"റൂൾ 52 (V) -ൽ പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗികനിലയിലോ പൊതുകാര്യനിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തേയോ നടപടികളേയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്ന എന്നുള്ളത് നോട്ടീസ് നൽകിയ അംഗങ്ങളെ ഓർമ്മപ്പെടുത്തുന്നു. എന്നിരുന്നാലും നിലവിലുണ്ടായ പൊതുവായ കാര്യങ്ങളെ സംബന്ധിച്ച് നോട്ടീസിൽ പരാമർശിച്ചിരിക്കുന്നതിനാൽ പ്രമേയം അവതരിപ്പിക്കാവുന്നതാണ്"

* XIV KLA/II Session Vol.163 Report No. 9 dated 17-10-2016